# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 904 — 09/8/2017 -ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ അരൂർ പാലം മുതൽ പാവുമ്പായി മൂലയിലെ പദ്ധതി പ്രദേശം വരെയുള്ള പൈപ്പിടൽ പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അരൂർ പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ അരൂർ പൂജപ്പുര ജംഗഷൻ മുതൽ ഇടക്കൊച്ചി പാലം വരെയുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഭാഗം പ്രവൃത്തി 21/02/2017-ന് ആരംഭിച്ചു. ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെയുള്ള 2700 മീറ്ററിൽ (രണ്ടാം ഭാഗം) 1050 മീറ്റർ നീളത്തിലുള്ള 450 mm DI K9 പൈപ്പും 650 മീറ്റർ നീളത്തിലുള്ള 500 mm HDPE പൈപ്പും സ്ഥാപിക്കുന്ന 495 ലക്ഷം രൂപക്കുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) ഈ പ്രവൃത്തിയുടെ ദർഘാസിനുള്ള പ്രാഥമിക നടപടികൾ 2017 ഫെബ്രുവരിയിൽ ആരംഭിച്ചിരുന്നു. എന്നാൽ ആദ്യശ്രമത്തിൽ ആരും തന്നെ കരാറിൽ പങ്കെടുക്കാത്തതിനാൽ കരാർ തീയതി 06/6/2017 വരെ നീട്ടുകയുണ്ടായി. അതിൻപ്രകാരം ലഭിച്ച ദർഘാസുകൾ കേരള വാട്ടർ അതോറിറ്റി തുറന്ന് പരിശോധിച്ചുവരുന്നു. ദർഘാസ് നടപടികൾ പൂർത്തീകരിച്ച് സെപ്റ്റംബർ ആദ്യ വാരത്തോടുകൂടി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

JSK/

| | |
|---|---|
| (സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭാഗത്തിന്റെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | (സി) & (ഡി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭാഗത്തിന്റെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) ഭരണാനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

JSK/